**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378** **16-09-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കെട്ടിടം പണിയുന്നതിന് 2021 -22 സാമ്പത്തിക വർഷത്തിൽ 20% തുക വകയിരുത്തി രണ്ട് കോടി രൂപയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിനെ ഉത്തരവാദിത്തപ്പെടുത്തി സാമ്പത്തിക അനുമതി ലഭിച്ചെങ്കിലും ഇതുവരെ ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എടത്തിരുത്തി ഗ്രാമപഞ്ചായത്ത് കെട്ടിടം പണിയുന്നതിന് എന്തെല്ലാം നടപടികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | കയ്പമംഗലം നിയോജകമണ്ഡലം എം എൽ എ ശ്രീ. ഇ ടി ടൈസൺ മാസ്റ്ററുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എടത്തിരുത്തി ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് 26/07/2019 തീയതിയിലെ ഉത്തരവ് നം.RD/8705/2019 പ്രകാരം 98,88,608/- രൂപയ്ക്ക് ജില്ലാ കളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും, ടി ഭരണാനുമതി പ്രകാരം നിർവ്വഹണത്തിനായി കാക്കനാട് ഇൻകെൽ ചീഫ് എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുള്ളതുമാണ്.<br><br>ടി പ്രവൃത്തിയുടെ ആദ്യ പാദത്തിലെ ബിൽ തുകയായ 23,77,506/- രൂപ 26/10/2021 ലും രണ്ടാം പാദത്തിലെ ബിൽ തുകയായ 15,17,135/- രൂപ 28/09/2022 തീയതിയിലും മൂന്നാം പാദത്തിലെ ബിൽ തുകയായ 23,64,682/- രൂപ 14/02/2025 തീയതിയിലും, ആകെ 62,59,323/-രൂപ ഇൻകെലിന് കൈമാറിയിട്ടുള്ളതുമാണ്.<br><br>നിലവിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ട് നിലകളിലായി സ്ട്രക്ചറൽ ലെവൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | തീരദേശ നിയന്ത്രണ മേഖലയിൽ (CRZ) 300 സ്ക്വയർ മീറ്റർ വരെ അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് പെർമിറ്റ് നൽകുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ടെങ്കിലും പെർമിറ്റ് ലഭിച്ച് വീടുപണി പൂർത്തീകരിച്ച കഴിഞ്ഞ് ഉണ്ടാകുന്ന വ്യത്യാസം മൂലം വീണ്ടും തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയോടുകൂടി മാത്രമേ വീട്ടുനമ്പർ ലഭിക്കുകയുള്ളൂ എന്നതുകാരണം ജനങ്ങൾ കഷ്ടപ്പെടുന്നുണ്ടെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | 2019 സി. ആർ. ഇസഡ് വിജ്ഞാപനത്തിലെ clause 9 (iv) പ്രകാരം പരമ്പരാഗത തീരദേശവാസി സമൂഹത്തിന് നിബന്ധനകൾക്ക് വിധേയമായി (1996,2011 വിജ്ഞാപനപ്രകാരം) ഗാർഹിക നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അനുമതി നൽകാൻ വ്യവസ്ഥയുണ്ട്. ക്രമവൽക്കരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ ഓരോ അപേക്ഷയും പ്രത്യേകം പരിശോധിച്ച് അതോറിറ്റി തീരുമാനം കൈകൊണ്ടുവരുന്നു. തീരദേശ പരിപാലന നിയമപ്രകാരം ക്രമവൽക്കരണം സംബന്ധിച്ച നടപടികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുവാൻ കഴിയുകയില്ല. 06.12.2024 തീയതിയിലെ KCZMA അതോറിറ്റി ഡയറക്ടറുടെ 3149/A1/2024/KCZMA നടപടിക്രമം പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# കേരള തീരദേശ പരിപാലന അതോറിറ്റി

## പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് കാര്യാലയം

നാലാം നില, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ, തമ്പാനൂർ,തിരുവനന്തപുരം- 695 001
ഫോൺ - 0471 2339696 (ഓഫീസ്)

**കേരള തീരദേശ പരിപാലന അതോറിറ്റി ഡയറക്ടറുടെ നടപടി ക്രമം**
**(ഹാജർ സൂനീൽ പമിടി ഐഎഫ്എസ്)**

നം. 3149/എ1/2024/KCZMA തീയതി : 06.12.2024

---

വിഷയം: കേരള തീരദേശ പരിപാലന അതോറിറ്റി - 2019 സി.ആർ.ഇസഡ് നോട്ടിഫിക്കേഷൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

പരാമർശം:- 1. കേരള തീരദേശ പരിപാലന അതോറിറ്റിയുടെ 07.03.2014 ലെ സർക്കുലർ നമ്പർ 353/A2/2012/ KCZMA/S&TD
2. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 18.01.2019 -തീയതിയിലെ GSR 37 (E) നമ്പർ വിജ്ഞാപനം
3. 07.01.2020 തീയിതിയിലെ മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 13/2020/മതുവ നമ്പർ സർക്കാർ ഉത്തരവ്.
4. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 18.09.2024-ലെ F.No.19-27/2025-IA.III നമ്പർ ഓഫീസ് മെമ്മോറാണ്ടം
5. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 16.10.2024-ലെ F.No.IA3-12/7/2021-IA.III (E) നമ്പർ ഓഫീസ് മെമ്മോറാണ്ടം.

LSG GUIDE

## <u>ഉത്തരവ്</u>

2019 തീരദേശ പരിപാലന പ്ലാൻ പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത് പ്രധാനമായും CRZ II, CRZ III മേഖലകളിലാണ്. കേരളത്തിൽ 36 മുനിസിപ്പാലിറ്റികളും 5 കോർപ്പറേഷനുകളും 66 ഗ്രാമപഞ്ചായത്തുകളും CRZ II വിലും ഇതര ഗ്രാമപഞ്ചായത്തുകളിൽ 37 ഗ്രാമപഞ്ചായത്തുകൾ CRZ III A യിലും 30 ഗ്രാമപഞ്ചായത്തുകൾ CRZ III B യിലും 2 ഗ്രാമപഞ്ചായത്തുകൾ CRZ III A, CRZ III B വിഭാഗത്തിലുമായി ഉൾപ്പെട്ടിരിക്കുന്നു. 2019 വിജ്ഞാപനത്തിലെ സി.ആർ.ഇസഡ് മേഖലകളെ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

**<u>CRZ IA (Eclology Sensitive Areas)</u>**

- പാരിസ്ഥിതികലോല പ്രദേശങ്ങളും ഭൂരേഖവിജ്ഞാനിയ ഘടകങ്ങളാൽ തീരദേശ മേഖലയുടെ സംയോജികതയെ നിലനിർത്തുന്നതിൽ പങ്കുവഹിക്കുന്നതുമായ പ്രദേശങ്ങൾ.
- പുതിയ വാസഗൃഹങ്ങൾക്ക് ടി മേഖലയിൽ നിർമ്മാണ അനുമതി അനുവദിക്കുന്നതല്ല.
- 2019 തീരദേശ പരിപാലന നിയമത്തിലെ Clause 5, 5.1, 5.1.1(i, ii, iii) ൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതാണ്.

**<u>CRZ IB (Intertidal Zone)</u>**

- വേലിയേറ്റ വേലിയിറക്ക രേഖകൾക്ക് മദ്ധ്യേ വരുന്ന ഭാഗം (അന്തർ വേലിയേറ്റ മേഖല)
- പുതിയ വാസഗൃഹങ്ങൾക്ക് ടി മേഖലയിൽ നിർമ്മാണ അനുമതി ലഭിക്കുന്നതല്ല.
- എന്നാൽ 2019 സി.ആർ.ഇസഡ് നോട്ടിഫിക്കേഷനിലെ Clause 5, 5.1.2 ൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് മാത്രം അനുമതി ലഭിക്കുന്നതാണ്.

**CRZ II**

- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ വരെ സി.ആർ.ഇസഡ് (മേഖലയി) ൽ ഉൾപ്പെടുന്നു. ഇതര ജലാശയങ്ങളിൽ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേക്ക് 50m വരെയുള്ള പ്രദേശമാണ് സി.ആർ.ഇസഡ് (മേഖല) പരിധി. കൂടാതെ വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വീതിക്കു തത്തുല്യമായതോ 50 മീറ്ററോ ഏതാണോ കുറവ് അത്രയും ദൂരം വേലിയേറ്റ രേഖയിൽ നിന്നും ഇരു കരകളിലേക്കുമുള്ള പ്രദേശത്തിന് സി.ആർ.ഇസഡ് ബാധകമായിരിക്കും. വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ 50 മീറ്റർ മാറി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല എന്നാൽ ടി ജലാശയം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററിനുള്ളിൽ ആണെങ്കിൽ സി.ആർ.ഇസഡ് അനുമതി ആവശ്യമാണ്.
- CRZ II വിഭാഗത്തിൽപ്പെട്ട പ്രദേശത്ത് **18.01.2019 തീയതിയ്ക്ക് മുമ്പുള്ള അംഗീകൃത** റോഡുകളുടെയോ കെട്ടിടങ്ങളുടെയോ കരയിലേക്കുള്ള ഭാഗത്തു മാത്രം വാസഗൃഹ നിർമ്മാണങ്ങൾക്ക് അനുമതി ലഭിക്കുന്നതാണ് (**പരാമർശം 4**).
- **അംഗീകൃത നിർമ്മിതികൾ നിയമാനുസൃതമായി നിർമ്മിച്ചതാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്.**

**CRZ III**

- CRZ III വിഭാഗത്തെ CRZ III A, CRZ III B എന്ന് രണ്ടായി തരംതിരിച്ചിട്ടുണ്ട്.

**CRZ III A**

- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ വരെ സി.ആർ.ഇസഡ് (മേഖലയി)ൽ ഉൾപ്പെടുന്നു. കൂടാതെ വേലിയേറ്റ സ്വാധീനമുള്ള ജലാശയങ്ങളിൽ വേലിയേറ്റ രേഖ മുതൽ കരയുടെ ദിശയിലേക്ക് **50m വരെയുള്ള** പ്രദേശമാണ് സി.ആർ.ഇസഡ് (മേഖല) പരിധി. വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വീതിക്കു തത്തുല്യമായതോ 50 മീറ്ററോ ഏതാണോ കുറവ് അത്രയും ദൂരം വേലിയേറ്റ രേഖയിൽ നിന്നും ഇരു കരകളിലേക്കുമുള്ള പ്രദേശത്തിന് സി.ആർ.ഇസഡ് ബാധകമായിരിക്കും. വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും **50 മീറ്റർ മാറി** നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല എന്നാൽ ടി ജലാശയം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 **മീറ്ററിനുള്ളിൽ** ആണെങ്കിൽ സി.ആർ.ഇസഡ് അനുമതി ആവശ്യമാണ്.
- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ വരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്. ഇവിടെ യാതൊരു പുതിയ നിർമ്മാണ പ്രവർത്തനങ്ങളും അനുവദനീയമല്ല. എന്നാൽ നിലവിലുള്ള അംഗീകൃത വാസഗൃഹങ്ങളുടെ നിലവിലുള്ള പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി ഉപയോഗം മാറ്റം വരുത്താതെ പുനർ നിർമ്മാണം/അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് അനുമതി നൽകാവുന്നതാണ്.
- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ ദൂരപരിധിയ്ക്ക് അപ്പുറം (500m വരെ) വാസഗൃഹങ്ങൾക്ക് Ground + First floor, Height 9m എന്ന നിലയിൽ നിജപ്പെടുത്തി അനുമതി നൽകാവുന്നതാണ്.
- വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്ന് ഇരുകരയിലും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ഉപയോഗം മാറ്റം വരുത്താതെ അംഗീകൃത വാസഗൃഹത്തിന്റെ അതേ പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി പുനർനിർമ്മാണം/അറ്റകുറ്റപ്പണി എന്നിവയ്ക്ക് അനുമതി നൽകാവുന്നതാണ്. വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ മാറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല എന്നാൽ ടി ജലാശയം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്ററിനുള്ളിൽ ആണെങ്കിൽ സി.ആർ.ഇസഡ് അനുമതി ആവശ്യമാണ്.

LSG GUIDE

**CRZ III B**

- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ വരെ സി.ആർ.ഇസഡ് (മേഖലയി)ൽ ഉൾപ്പെടുന്നു. വേലിയേറ്റ സ്വാധീനമുള്ള ജലാശയങ്ങളിൽ വേലിയേറ്റ രേഖ മുതൽ കര യുടെ ദിശയിലേക്ക് 200m വരെയുള്ള പ്രദേശമാണ് സി.ആർ.ഇസഡ് (മേഖല) പരിധി. ജലാശയത്തിന്റെ വീതിക്കു തത്തുല്യമായതോ 50 മീറ്ററോ ഏതാണോ കുറവ് അത്രയും ദൂരം വേലിയേറ്റ രേഖയിൽ നിന്നും ഇരു കരകളിലേക്കുമുള്ള പ്രദേശത്തിന് സി.ആർ.ഇ സഡ് ബാധകമായിരിക്കും. ജലാശയത്തിൽ നിന്നും 50 മീറ്റർ മാറി നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല. എന്നാൽ ടി ജലാശയം കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും **500 മീറ്ററിനുള്ളിൽ** ആണെങ്കിൽ സി.ആർ.ഇസഡ് അനുമതി ആവശ്യമാണ്.
- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ വരെയുള്ള പ്രദേശം വികസന നിഷിദ്ധ മേഖലയാണ്.
- CRZ III B വിഭാഗത്തിൽപ്പെട്ട പ്രദേശത്ത് കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200m വരെ (NDZ) നിലവിലുള്ള അംഗീകൃത വാസഗൃഹത്തിന്റെ നിലവിലുള്ള പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി നിർമ്മാണാനുമതി ഉപയോഗത്തിൽ മാറ്റം വരുത്താതെ (പുനർ നിർമ്മാണം, അറ്റകുറ്റപ്പണി) നൽകാവുന്നതാണ് എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹത്തിന് ദുരന്ത നിവാരണ നിയമങ്ങൾ സംബന്ധിച്ച വ്യവസ്ഥകൾ പാലിച്ചു കൊണ്ടും പൊതുശുചിത്വ മാലിന്യ സംസ്കരണം ഉറപ്പു വരുത്തിക്കൊണ്ടും പരാമർശം (3) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായും വികസന നിഷിദ്ധ മേഖലയിൽ (വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്റർ ദൂരപരിധി വരെ) വാസഗൃഹങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.
- നിലവിലുള്ള ഫ്ളോർ സ്പേസ് ഇൻഡക്സ്, നിലവിലുള്ള പ്ലിന്ത് ഏരിയ, നിലവിലുള്ള സാന്ദ്രത എന്നിവയിൽ കവിയാത്ത നിലവിലുള്ള അംഗീകൃത ഘടനയുടെ അറ്റകുറ്റപ്പണികൾ അല്ലെങ്കിൽ പുനർനിർമ്മാണം, പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള പരമ്പരാഗത തീരദേശ സമൂഹങ്ങളുടെ പാർപ്പിട യൂണിറ്റുകളുടെ നിർമ്മാണം അല്ലെങ്കിൽ പുനർനിർമ്മാണം, ആവശ്യമായ ദുരന്ത നിവാരണ വ്യവസ്ഥകളും ശരിയായ ശുചിത്വ ക്രമീകരണങ്ങളും ഉൾപ്പെടുത്തൽ എന്നിവ ഉൾപ്പെടെ ഈ വിജ്ഞാപനത്തിന് കീഴിൽ അനുവദനീയമായ പ്രവർത്തനങ്ങൾ ഒഴികെ സി.ആർ.ഇസഡ് III ലെ എൻ.ഡി.ഇസഡിനുള്ളിൽ ഒരു നിർമ്മാണവും അനുവദിക്കില്ല.
- കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ ദൂരപധിക്ക് അപ്പുറം (500m വരെ) വാസഗൃഹങ്ങൾക്ക് Ground + First floor, Height 9m എന്ന നിലയിൽ നിജപ്പെടുത്തി നിർമ്മാണ അനുമതി ലഭിക്കുന്നതാണ്.
- വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ഉപയോഗമാറ്റം വരുത്താതെ അംഗീകൃത വാസഗൃഹത്തിന്റെ അതേ പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി പുനർനിർമ്മാണാനുമതി നൽകാവുന്നതാണ്. ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ മാറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല.

നിലവിൽ ദ്വീപുകളുടെ വികസന നിഷിദ്ധ മേഖലയിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ ദൂരപരിധിക്കുള്ളിൽ ഉപയോഗമാറ്റം വരുത്താതെ അംഗീകൃത വാസഗൃഹത്തിന്റെ അതേ പ്ലിന്ത് ഏരിയയിൽ നിജപ്പെടുത്തി പുനർനിർമ്മാണാനുമതി നൽകാവുന്നതാണ്. ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ മാറിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് സി.ആർ.ഇസഡ് അനുമതി ആവശ്യമില്ല.

LSG GUIDE

കൂടാതെ Integrated Island Management Plan (IIMP) ന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്നതുവരെ ദ്വീപുകളുടെ ദൂരപരിധി 50 മീറ്ററായി തുടരുന്നതാണ്.

**CRZ IV**

- CRZ IV വിഭാഗത്തെ CRZ IV A (വേലിയിറക്കരേഖയിൽ നിന്നും കടലിലേയ്ക്ക് 12 നോട്ടിക്കൽ മൈൽ ദൂരം വരെയുള്ള ജലപ്രദേശവും അതിന്റെ അടിത്തട്ടും) എന്നും, CRZ-IV B (വേലിയേറ്റ വേലിയിറക്ക പ്രഭാവമുള്ള ഉൾനാടൻ ജലാശയ ത്തിന്റെ ഒരുവശത്തുള്ള വേലിയിറക്കരേഖയും ജലാശയത്തിന്റെ മറുകരയിൽ വേലിയിറക്കരേഖയിലുള്ള മറുവശരേഖയും അടിത്തട്ടും) എന്നും തരം തിരിച്ചിരിക്കുന്നു.
- വേലിയേറ്റ വേലിയിറക്ക സ്വാധീനം അനുഭവപ്പെടുന്ന സമുദ്രജലാശയമുഖം മുതൽ വേലിയേറ്റ വേലിയിറക്കസ്വാധീനം അനുഭവപ്പെടുന്നതുവരെയുള്ള ജലപ്രദേശമാണ് CRZ-IV B വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
- വർഷത്തിലേറ്റവും വരൾച്ച അനുഭവപ്പെടുന്ന സമയം ലവണാംശം (ആയിരത്തിൽ അഞ്ചുഭാഗമെങ്കിലുമുള്ള) ജലാശയത്തെയാണ് വേലിയേറ്റ പ്രഭാവമുള്ളതായി കണക്കാക്കിയിട്ടുള്ളത്.
- 2019 സി.ആർ.ഇസഡ് നോട്ടിഫിക്കേഷനിലെ Clause 5.4 ഉൾപ്പെട്ട പ്രവൃത്തികൾക്ക് അനുമതി ലഭിക്കുന്നതാണ്.

2019 സി.ആർ.ഇസഡ് വിജ്ഞാപന പ്രകാരം സി.ആർ.ഇസഡ് മേഖലയിലെ വാസഗൃഹ നിർമ്മാണങ്ങൾക്ക് ചുവടെ പറയുന്ന നിബന്ധനകൾ പാലിച്ച് അനുമതി നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

LSG GUIDE

1. CRZ II, CRZ III A, CRZ III B എന്നീ വിഭാഗത്തിൽപ്പെട്ട പ്രദേശങ്ങളിൽ 2019 CRZ വിജ്ഞാപന പ്രകാരം ലഭിക്കുന്ന **$300m^2$ വരെയുള്ള വാസഗൃഹ നിർമ്മാണങ്ങൾക്കുള്ള അപേക്ഷകളിൽ മാത്രം മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു അനുമതി നൽകാവുന്നതാണ്.**

2. $300m^2$ ന് മുകളിലുള്ള വാസഗൃഹങ്ങൾക്കുള്ള അപേക്ഷകളും വാസഗൃഹ നിർമ്മാണങ്ങൾ ഒഴികെയുള്ള അപേക്ഷകളും പരമ്പരാഗത തീരദേശ വാസികളുടെ വാസഗൃഹ കെട്ടിടങ്ങളുടെ ക്രമവൽക്കരണ അപേക്ഷകളും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ **ശുപാർശയോടുകൂടി** തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

3. 16.10.2024 ന് ശേഷം ജില്ലാതല കമ്മിറ്റിയിൽ ലഭിച്ച $300m^2$ വരെയുള്ള വാസഗൃഹ നിർമ്മാണ അപേക്ഷകൾ ജില്ലാ ടൗൺ പ്ലാനർ ഓഫീസിൽ നിന്നും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

4. തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്ന അപേക്ഷകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരിയുടെ ശുപാർശ, പ്രസ്തുത അധികാരി ഒപ്പുവച്ച Budget Estimate, 25.03.2015 തീയതിയിലെ GO(Ms)No.1/2015/S&TD നമ്പർ ഉത്തരവ് പ്രകാരമുള്ള സ്ക്രൂട്ടിനി ഫീസ്, സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ ഒപ്പുവെച്ച Building plan/site plan (HTL- ൽ നിന്നുള്ള അകലം, geo coordinates ഉൾപ്പെടെ) എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

5. വസ്തു CRZ II ൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ 18.01.2019 ന് മുൻപ് നിർമ്മിച്ച അംഗീകൃത കെട്ടിടത്തിന്റെ/റോഡിന്റെ വിവരങ്ങൾ (Building Number, Year of Construction, അംഗീകൃത കെട്ടിടങ്ങൾ തമ്മിലുള്ള building line) നിർബന്ധമായും പ്ലാനിൽ ഉൾപ്പെടുത്തണം.

6. CRZ II, CRZ III A, CRZ III B ഒഴികെയുള്ള സി.ആർ.ഇസഡ് കാറ്റഗറിയിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള അപേക്ഷകളും 2011 CRZ വിജ്ഞാപനങ്ങൾക്ക് വിധേയമായി നിർമ്മിച്ചിട്ടുള്ള പരമ്പരാഗത തീരദേശ വാസികളുടെ വാസഗൃഹ കെട്ടിടങ്ങളുടെ ക്രമവൽക്കരണ അപേക്ഷകളും നേരിട്ട് തീരദേശ പരിപാലന അതോറിറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

7. 2019 സി.ആർ.ഇസഡ് വിജ്ഞാപന പ്രകാരമുള്ള നിർമ്മാണ പ്രവർത്തന അനുമതി പരിശോധന ചുമതലയും നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതും നിയമ ലംഘനങ്ങൾക്കെതിരെയുള്ള തുടർ നടപടികളും ജില്ലാതല കമ്മിറ്റികളിൽ (DLC) നിക്ഷിപ്തമാണ് **(പരാമർശം 1)**.

8. സി.ആർ.ഇസഡ് അനുമതി നൽകുന്നതിന് മുമ്പായി സി.ആർ.ഇസഡ് മേഖലയിലെ പ്രദേശങ്ങൾ 2019 തീരദേശ പരിപാലന പ്ലാൻ (Map) പരിശോധിച്ച് വസ്തുവിന്റെ സ്ഥിതി (CRZ status of property) ഉറപ്പു വരുത്തേണ്ടതാണ്.

9. സി.ആർ.ഇസഡ് അനുമതി നൽകുന്നത് സംബന്ധിച്ച് അവ്യക്തത ഉള്ള പക്ഷം പ്രസ്തുത വിവരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും മാർഗ്ഗ നിർദ്ദേശങ്ങൾ തേടേണ്ടതുമാണ്.

10. 2019 സി.ആർ.ഇസഡ് നോട്ടിഫിക്കേഷൻ, 2019 തീരദേശ പരിപാലന പ്ലാൻ (Map) എന്നിവ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralaczma.gov.in) ലഭ്യമാണ്.

11. കേരളത്തിലെ സി.ആർ.ഇസഡ് മേഖലയിൽപ്പെട്ട കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ എന്നിവയുടെ സി.ആർ.ഇസഡ് കാറ്റഗറി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

12. സി.ആർ.ഇസഡ് അനുമതി നൽകുന്നതിന് മുമ്പായി മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപന മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

13. പരാമർശം **3** ലെ ഉത്തരവ് അനുസരിച്ച് പുനർഗേഹം പദ്ധതിയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

14. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന വാസഗൃഹ അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ (അംഗീകാരം നൽകിയവ, നിരസിക്കപ്പെട്ടവ, പരിഗണനയിൽ ഉള്ളത്) ക്രോഡീകരിച്ച സ്റ്റേറ്റ്മെന്റ് മൂന്ന് മാസത്തിലൊരിക്കൽ ജില്ലാതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

15. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കേണ്ടതില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകൾക്കും പരിശോധനകൾക്കും വിധേയമായി മാത്രമേ സി.ആർ.ഇസഡ് മേഖലകളിലെ നിർമ്മാണങ്ങൾക്ക് അനുമതി നൽകാൻ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് അധികാരമുള്ളൂ. നിയമങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധമായി സി.ആർ.ഇസഡ് അനുമതി നൽകുന്ന പക്ഷം ആയത് റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള തീരദേശ പരിപാലന അതോറിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ

KERALA COASTAL ZONE MANAGEMENT AUTHORITY
THIRUVANANTHAPURAM
Date.............

സുനീൽ പമിടി ഐ എഫ് എസ്
**മെമ്പർ സെക്രട്ടറി**
**കേരള തീരദേശ പരിപാലന അതോറിറ്റി**

LSGGUIDE

പകർപ്പ് :-

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. എല്ലാ ജില്ലാ ടൗൺപ്ലാനർമാർക്കും
3. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും/ കോർപ്പറേഷനുകൾക്കും/ മുനിസിപ്പാലിറ്റികൾക്കും
4. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

LSG GUIDE

# LOCAL BODIES UNDER CRZ NOTIFICATION 2019

| SL.NO | DISTRICT | CRZ II- GP | CRZ IIIA GP | CRZ IIIB GP | CRZ IIIA&IIIB GP | CRZ III(NDZ-TIWB) | MUNICIPALITY | CORPORATION |
|---|---|---|---|---|---|---|---|---|
| 1 | | Ajanur | NIL | Chemnad | NIL | Bedadukka | Kanhangad | |
| 2 | | Chengala | | Kumbala | | Cheruvathur | Kasaragod | |
| 3 | | Mogral-Puthur | | Mangalpady | | Kayyur-Cheemeni | Nileshwar | |
| 4 | | Pallikkara | | Manjeshwar | | Kinanur-Karinthalam | | |
| 5 | **Kasaragod** | Pullur-Periya | | Valiyaparamba | | Meenja | | NIL |
| 6 | | Trikkaripur | | | | Muliyar | | |
| 7 | | Uduma | | | | Padanna | | |
| 8 | | | | | | Puthige | | |
| 9 | | | | | | West-Eleri | | |
| **Total** | | **7** | **0** | **5** | **0** | **9** | **3** | **0** |
| 1 | | Azhikode | Dharmadom | Madayi | NIL | Anjarakandy | Anthoor | |
| 2 | | Cherukunnu | Muzhappilangad | | | Chapparapadavu | Panoor | |
| 3 | | Chirakkal | | | | Chembilode | Payyannur | |
| 4 | | Chokli | | | | Chengalayi | Thalassery | |
| 5 | | Kalliasseri | | | | Cheruthazham | Thaliparambu | |
| 6 | | Kannapuram | | | | Eranholi | | |
| 7 | | Mattool | | | | Ezhome | | |
| 8 | | New Mahe | | | | Kadambur | | |
| 9 | | Pappinisseri | | | | Kadannappally-Panapuzha | | |
| 10 | | Ramanthali | | | | Kadirur | | |
| 11 | | Valapattanam | | | | Karivellur-Peralam | | |
| 12 | **Kannur** | | | | | Keezhallur | | Kannur |
| 13 | | | | | | Kolacheri | | |
| 14 | | | | | | Kunhimangalam | | |
| 15 | | | | | | Kurumathur | | |
| 16 | | | | | | Mayyil | | |
| 17 | | | | | | Narath | | |
| 18 | | | | | | Pariyaram | | |
| 19 | | | | | | Pattuvam | | |
| 20 | | | | | | Peralassery | | |
| 21 | | | | | | Pinarayi | | |
| 22 | | | | | | Thrippangottur | | |
| 23 | | | | | | Vengad | | |
| **Total** | | **11** | **2** | **1** | **0** | **23** | **5** | **1** |
| 1 | | Atholi | Onchiam | NIL | NIL | Cheruvannur | Feroke | |
| 2 | | Azhiyur | | | | Keezhariyur | Koilandi | |
| 3 | | Balusseri | | | | Maniyur | Payyoli | |
| 4 | | Chelannur | | | | Thuneri | Ramanattukara | |

LSG GUIDE

| SL.NO | DISTRICT | CRZ II- GP | CRZ IIIA GP | CRZ IIIB GP | CRZ IIIA&IIIB GP | CRZ III(NDZ-TIWB) | MUNICIPALITY | CORPORATION |
|---|---|---|---|---|---|---|---|---|
| 5 | Kozhikode | Chemancherry | | | | Thurayur | Vadakara | Kozhikode |
| 6 | | Chengottukavu | | | | Velom | | |
| 7 | | Chorode | | | | | | |
| 8 | | Edacherry | | | | | | |
| 9 | | Eramala | | | | | | |
| 10 | | Kadalundi | | | | | | |
| 11 | | Kakkodi | | | | | | |
| 12 | | Kottur | | | | | | |
| 13 | | Mavoor | | | | | | |
| 14 | | Moodadi | | | | | | |
| 15 | | Naduvannur | | | | | | |
| 16 | | Olavanna | | | | | | |
| 17 | | Perumanna | | | | | | |
| 18 | | Peruvayal | | | | | | |
| 19 | | Thalakulathur | | | | | | |
| 20 | | Thikkodi | | | | | | |
| 21 | | Thiruvallur | | | | | | |
| 22 | | Ulliyeri | | | | | | |
| **Total** | | **22** | **1** | **0** | **0** | **6** | **5** | **1** |
| 1 | Malappuram | Chelembra | Mangalam | Perumpadappa | NIL | Cheriyamundam | Parappanangadi | NIL |
| 2 | | Thenhipalam | Niramaruthur | Purathur | | Kaladi | Ponnani | |
| 3 | | Vazhakkad | Vettom | Tanalur | | Maranchery | Tanur | |
| 4 | | Vazhayur | | Vallikkunnu | | Moonniyur | Tirur | |
| 5 | | | | Veliyankode | | Thalakkad | Tirurangadi | |
| 6 | | | | | | Triprangode | | |
| | **Total** | **4** | **3** | **5** | **0** | **6** | **5** | **0** |
| 1 | Thrissur | Pavaratty | Edathiruthy | Engandiyur | Punnayur | Anthikkad | Chavakkad | NIL |
| 2 | | | Edavilangu | Mathilakam | | Kattoor | Guruvayoor | |
| 3 | | | Eriyad | Nattika | | Mala | Kodungallur | |
| 4 | | | Kaipamangalam | Punnayoorkulam | | Manalur | | |
| 5 | | | Perinjanam | Punnayur (Punnayur) | | Mullassery | | |
| 6 | | | Punnayur (Edakazhiyu | Sreenaryanapuram | | Padiyoor | | |
| 7 | | | Kadappuram | Valappad | | Poyya | | |
| 8 | | | Talikkulam | Orumanayur | | Puthenchira | | |
| 9 | | | | | | Thanniam | | |
| 10 | | | | | | Vadanappilly | | |
| 11 | | | | | | Vellangalur | | |
| 12 | | | | | | Venkitangu | | |
| **Total** | | **1** | **8** | **8** | **1** | **13** | **3** | **0** |
| 1 | | Chellanam | Kuzhuppilly | Edavanakkad | NIL | Alangad | Eloor | |
| 2 | | Cheranallur | | | | Amballur | Kalamassery | |

LSG GUIDE

| SL.NO | DISTRICT | CRZ II- GP | CRZ IIIA GP | CRZ IIIB GP | CRZ IIIA&IIIB GP | CRZ III(NDZ-TIWB) | MUNICIPALITY | CORPORATION |
|---|---|---|---|---|---|---|---|---|
| 3 | | Elamkunnapuzha | | | | Chendamangalam | Maradu | |
| 4 | | Kadamakkudy | | | | Chittattukara | Paravur | |
| 5 | | Kumbalam | | | | Ezhikkara | Thrikkakara | |
| 6 | | Kumbalangy | | | | Kadungallur | Thrippunithara | |
| 7 | | Mulavukade | | | | Karumalloor | | |
| 8 | **Ernakulam** | Nayarambalam | | | | Kottuvally | | Kochi |
| 9 | | Njarakkal | | | | Kunnukara | | |
| 10 | | Varapuzha | | | | Pallippuram | | |
| 11 | | | | | | Puthenvelikara | | |
| 12 | | | | | | Udayamperoor | | |
| 13 | | | | | | Vadakkekkara | | |
| **Total** | | **10** | **1** | **1** | **0** | **13** | **6** | **1** |
| 1 | | NIL | NIL | NIL | | Chempu | Vaikom | |
| 2 | | | | | | Maravanthuruthu | | |
| 3 | **Kottayam** | | | | | T.V. Puram | | NIL |
| 4 | | | | | | Thalayazham | | |
| 5 | | | | | | Udayanapuram | | |
| 6 | | | | | | Vechoor | | |
| **Total** | | **0** | **0** | **0** | **0** | **6** | **1** | **0** |
| 1 | | Ambalappuzha Nor | Ambalappuzha North | Ambalappuzha South | Punnapra Nort | Arookutty | Alappuzha | |
| 2 | | Ambalappuzha Sou | Aryad | Arattupuzha | | Aroor | Cherthala | |
| 3 | | | Cherthala South | Devikulangara | | Chennam-Pallippuram | Haripad | |
| 4 | | | Kuthiathode | Kodamthuruth | | Chingoli | Kayamkulam | |
| 5 | | | Kadakkarapally | Mararikulam North | | Ezhupunna | | |
| 6 | | | Mararikulam South | Pattanakkad | | Kandalloor | | |
| 7 | | | Pattanakkad | Punnapra North (Punnapra) | | Karthikapally | | |
| 8 | | | Punnapra North (Parav | Purakkad | | Krishnapuram | | |
| 9 | **Alappuzha** | | | Thrikkunnapuzha | | Muthukulam | | NIL |
| 10 | | | | Thuravoor | | Panavally | | |
| 11 | | | | | | Pathiyoor | | |
| 12 | | | | | | Perumpalam | | |
| 13 | | | | | | Punnapra South | | |
| 14 | | | | | | Thanneermukkom | | |
| 15 | | | | | | Thycattussery | | |
| 16 | | | | | | Vayalar | | |
| 19 | | | | | | | | |
| **Total** | | **2** | **8** | **10** | **1** | **16** | **4** | **0** |
| 1 | | NIL | Alappad | NIL | NIL | Adichanallur | Karunagapally | |
| 2 | | | Chavara | | | Chathannur | Paravoor | |
| 3 | | | Mayyanad | | | Chirakkara | | |
| 4 | | | Neendakara | | | Clappana | | |

LSG GUIDE

| SL.NO | DISTRICT | CRZ II- GP | CRZ IIIA GP | CRZ IIIB GP | CRZ IIIA&IIIB GP | CRZ III(NDZ-TIWB) | MUNICIPALITY | CORPORATION |
|---|---|---|---|---|---|---|---|---|
| 5 | | | Panmana | | | East Kallada | | |
| 6 | | | | | | Kulasekharapuram | | |
| 7 | | | | | | Kunnathor | | |
| 8 | | | | | | Mandrothuruthu | | |
| 9 | | | | | | Mynagappally | | |
| 10 | | | | | | Nedumpana | | |
| 11 | | | | | | Panayam | | |
| 12 | | | | | | Pavithreswaram | | |
| 13 | **Kollam** | | | | | Perayam | | Kollam |
| 14 | | | | | | Perinad | | |
| 15 | | | | | | Poothakkulam | | |
| 16 | | | | | | Sasthamcotta | | |
| 17 | | | | | | Thekkumbhagom | | |
| 18 | | | | | | Thevalkkara | | |
| 19 | | | | | | Thodiyoor | | |
| 20 | | | | | | Thrikkaruva | | |
| 21 | | | | | | West Kallada | | |
| **Total** | | **0** | **5** | **0** | **0** | **21** | **2** | **1** |
| | | Andoorkonam | Anjuthengu | NIL | NIL | Azhoor | Varkala | |
| 2 | | Chenkal | Chirayinkeezhu | | | Cherunniyoor | Attingal | |
| 3 | | Chirayinkeezhu* | Edava | | | Elakamon | | |
| 4 | **Thiruvananthapuram** | Kadakkavoor | Kadinamkulam | | | Karode | | |
| 5 | | Karumkulam* | Karumkulam | | | Kizhuvilam | | Thiruvananthapuram |
| 6 | | Kottukal* | Kottukal | | | Manamboor | | |
| 7 | | Mangalapuram | Kulathoor | | | Ottoor | | |
| 8 | | Vakkom | Poovar | | | Thirupuram | | |
| 9 | | Venganoor* | Vettoor | | | Venganoor | | |
| **Total** | | **9** | **9** | **0** | **0** | **9** | **2** | **1** |

*Mining Potential Area

LSG GUIDE